പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 221

# 2008-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2008

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 221

# 2008-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

845/2008.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 221

# 2008-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റ്, ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിഒൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2008-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2008, ഏപ്രിൽ 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 18-ാം വകുപ്പിന്റെ ഭേദഗതി.—1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിലെ (1980-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 18-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, സംസ്ഥാനത്തെ ഓരോ റവന്യൂ ജില്ലയ്ക്കും ഒരു കമ്മിറ്റിയെ നിയമിക്കാവുന്നതും, ബോർഡിന്റെ ശുപാർശയിന്മേൽ, ഏതെങ്കിലും വ്യാവസായിക ഠൗൺഷിപ്പിൽ ഉൾപ്പെടുന്ന ഏതെങ്കിലും പ്രദേശത്തോ അല്ലെങ്കിൽ സംസ്ഥാനത്തെ പ്രാധാന്യമുള്ള മറ്റു പ്രത്യേക പ്രദേശങ്ങളിലോ ആക്റ്റും സ്കീമും പ്രകാരം കമ്മിറ്റിയുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുംവേണ്ടി വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള പേരിൽ അറിയപ്പെടുന്ന ആ പ്രദേശങ്ങളെ സംബന്ധിച്ച് അവർക്ക് യുക്തമെന്ന് തോന്നുന്നത്ര പ്രത്യേക കമ്മിറ്റികളെ നിയമിക്കാവുന്നതാണ് :

എന്നാൽ ഏതെങ്കിലും പ്രത്യേക കമ്മിറ്റി നിയമിക്കപ്പെടുമ്പോൾ, റവന്യൂ ജില്ലയ്ക്കുവേണ്ടി നിയമിക്കപ്പെട്ട കമ്മിറ്റിയുടെ, പ്രത്യേക കമ്മിറ്റിയുടെ പ്രദേശത്തിനുള്ളിലെ അധികാരിതയുടെ പ്രയോഗം അവസാനിക്കുന്നതാണ്.".

(2) (5)-ഉം (6)-ഉം ഉപവകുപ്പുകളിൽ "കൺവീനർ" എന്ന വാക്കിനുപകരം, "ജില്ലാ സെക്രട്ടറി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 19 എ. എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 19-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"19 എ. ഉപദേശക കമ്മിറ്റിയുടെ നിയമനം.—(1) ബോർഡിന്, ഒരു റവന്യൂ ജില്ലയിലെ ഏതൊരു പ്രദേശത്തും ആ പ്രദേശത്തെ സംബന്ധിച്ചുള്ള ഏതെങ്കിലും കാര്യത്തിൽ കമ്മിറ്റിയെ ഉപദേശിക്കുന്ന ആവശ്യത്തിലേക്കായി ആവശ്യമുണ്ടെന്ന് കാണുന്നയത്ര ഉപദേശക കമ്മിറ്റികൾ രൂപവൽക്കരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ ഉപദേശക കമ്മിറ്റിയിലും ബോർഡിനാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഏഴ് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അവരിൽ മൂന്ന് പേർ വീതം തൊഴിലുടമകളെയും ചുമട്ടുതൊഴിലാളികളെയും പ്രതിനിധീകരിക്കുന്നവരും ഒരാൾ ബോർഡിലെ ഒരു ഉദ്യോഗസ്ഥനും ആയിരിക്കേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ബോർഡിലെ ഉദ്യോഗസ്ഥൻ അതിന്റെ കൺവീനർ ആയിരിക്കേണ്ടതാണ്.

(4) ഉപദേശക കമ്മിറ്റിയിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധിയും ഉപദേശക കമ്മിറ്റിയുടെ ജോലി നിർവ്വഹണവും, കാലാകാലങ്ങളിൽ, ബോർഡ് തീരുമാനിക്കുന്ന പ്രകാരം ആയിരിക്കേണ്ടതാണ്."

4. നിലവിലുള്ള കമ്മിറ്റി പിരിച്ചുവിടുന്നതിനുള്ള പ്രത്യേക വ്യവസ്ഥ.—പ്രധാന ആക്റ്റിലോ അതിൻകീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലോ പദ്ധതിയിലോ എന്തു തന്നെ വിപരീതമായി അടങ്ങിയിരുന്നാലും, 2008-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിക്കുശേഷം ഉടൻതന്നെ ഈ ആക്റ്റിനാൽ ഭേദഗതി ചെയ്തപ്രകാരമുള്ള പ്രധാന ആക്റ്റിലെ 18-ാം വകുപ്പ് അനുസരിച്ച് സർക്കാരിന് കമ്മിറ്റി പുനഃസംഘടിപ്പിക്കാവുന്നതും അപ്രകാരമുള്ള പുനഃസംഘടനയിന്മേൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിക്ക് മുൻപ് രൂപവൽക്കരിക്കപ്പെട്ട നിലവിലുള്ള എല്ലാ കമ്മിറ്റികളും പിരിച്ചുവിടപ്പെട്ടതായി കരുതപ്പെടേണ്ടതും, ഒരു റവന്യൂ ജില്ലയിലെ നിലവിലുള്ള കമ്മിറ്റികൾ നിർവ്വഹിച്ചി രുന്നതോ അല്ലെങ്കിൽ വിനിയോഗിച്ചിരുന്നതോ ആയ എല്ലാ അധികാരങ്ങളും ചുമതലകളും ഈ ആക്റ്റിലെ വ്യവസ്ഥകളനുസരിച്ച് റവന്യൂ ജില്ലയിൽ പുനഃസംഘടി പ്പിക്കപ്പെട്ട യഥാക്രമമുള്ള കമ്മിറ്റികൾക്ക് കൈമാറ്റം ചെയ്തതായി കരുതപ്പെടേണ്ടതാണ്.

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 2008-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ഓർഡിനൻസ് (2008-ലെ 26) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽതന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.



## ഉദ്ദേശകാരണങ്ങളുടെ വിവരണം

കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന്റെ 17-2-2007-ൽ ചേർന്ന യോഗത്തിൽ നിലവിലുള്ള സമിതികളുടെ എണ്ണം 34-ൽ നിന്നും 14 ആയി ചുരുക്കണമെന്നും ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് മറ്റു സമിതികളെ സബ്-ഓഫീസുകളായി നിലനിർത്തണമന്നും സർക്കാരിനോട് ശുപാർശ ചെയ്യുന്ന ഒരു പ്രമേയം പാസ്സാക്കുകയും ഇതിലേക്കായി, 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിലെ 18-ഉം 19-ഉം വകുപ്പുകളിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന് ചീഫ് എക്സിക്യൂട്ടീവ് അപേക്ഷിക്കുകയും ചെയ്തു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും പുതിയതായി രൂപീകരിച്ച കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏര്യാ കമ്മിറ്റി ഒഴികെ നിലവിലുള്ള 34 തദ്ദേശ കമ്മിറ്റികളെ മാറ്റി പകരം 14 ജില്ലാ കമ്മിറ്റികളെ, അതായത് ഓരോ റവന്യൂ ജില്ലയ്ക്കും ഓരോന്നുവീതം, കൊണ്ടുവരുന്നതിനും സർക്കാരിന്, അങ്ങനെ ചെയ്യുന്നത് ആവശ്യമാണെന്ന് തോന്നുന്ന ഏത് പ്രദേശത്തും, കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏര്യായിലെന്നപോലെ, പ്രത്യേക കമ്മിറ്റികളെ നിയമിക്കാൻ അധികാരം നൽകുന്നതിനും, എന്നാൽ ബന്ധപ്പെട്ട റവന്യൂ ജില്ലയ്ക്കുവേണ്ടി നിയമിക്കപ്പെട്ടിട്ടുള്ള കമ്മിറ്റിയ്ക്ക് പ്രത്യേക കമ്മിറ്റിയുടെ പ്രദേശങ്ങൾക്കുള്ളിലെ അധികാരിത ഉണ്ടായിരിക്കുന്നതല്ലാത്ത വിധത്തിൽ ആക്റ്റ് ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചു. ഒരു റവന്യൂ ജില്ലയിലെ ഏതെങ്കിലും പ്രദേശത്തേയ്ക്ക് ആ പ്രദേശത്തെ ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച് കമ്മിറ്റിയെ ഉപദേശിക്കുന്നതിന് ആവശ്യമെന്ന് തോന്നുന്ന ഉപദേശക കമ്മിറ്റികളെ നിയമിക്കുന്നതിനു വേണ്ടി പുതിയതായി ഒരു വകുപ്പ്, അതായത്, 19 എ എന്ന വകുപ്പുകൂടി ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു.

3. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും മേല്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടതിനാലും 2008-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ഓർഡിനൻസ് (2008-ലെ 14) കേരള ഗവർണ്ണർ 2008, ഏപ്രിൽ 18-ാം തീയതി വിളംബരപ്പെടുത്തുകയും ആയത് 2008, ഏപ്രിൽ 18-ാം തീയതിയിലെ 777-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. 2008-ലെ 14-ാം നമ്പർ ഓർഡിനൻസിന് പകരമുള്ള ഒരു ബിൽ 12-ാം കേരള നിയമസഭയുടെ 188-ാം നമ്പർ ബില്ലായി പ്രസിദ്ധപ്പെടുത്തിയെങ്കിലും, ആയത് 2008, ജൂൺ 23-ാം തീയതി ആരംഭിച്ച് 2008 ജൂലൈ 24-ാം തീയതി അവസാനിച്ച കേരള നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും സാധിച്ചില്ല. ആയതിനാൽ 2008-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ഓർഡിനൻസ് (2008-ലെ 26), 2008 ആഗസ്റ്റ് 1-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും, ആയത് 2008, ആഗസ്റ്റ് 2-ാം തീയതിയിലെ 1678-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

5. 2008-ലെ 26-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

പി. കെ. ഗുരുദാസൻ

(ശരിത്തർജ്ജമ)



## 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിലെ (1980-ലെ 20)-ൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** **

** ** **

18. കമ്മിറ്റികൾ.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം ഈ ആക്റ്റും പദ്ധതിയും പ്രകാരമുള്ള കമ്മിറ്റിയുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും വേണ്ടി വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന പ്രദേശത്തേക്ക് അങ്ങനെയുള്ള നാമത്തിൽ ഒരു കമ്മിറ്റിയെ നിയമിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ഓരോ കമ്മിറ്റിക്കും പ്രത്യേകം പറഞ്ഞിരിക്കുന്ന പേരിൽ ഒരു ശാശ്വത പിന്തുടർച്ചാവകാശവും പൊതുമുദ്രയും ഉണ്ടായിരിക്കുന്നതും, വസ്തുക്കൾ ആർജ്ജിക്കുക, കൈവശം വയ്ക്കുക, വിൽക്കുക, കരാറുകളിൽ ഏർപ്പെടുക എന്നിവയ്ക്ക് അധികാരമുണ്ടായിരിക്കുന്നതും, പ്രസ്തുത പേരിൽ വ്യവഹാരം നടത്തുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യാവുന്നതുമാകുന്നു.

(3) കമ്മിറ്റിയിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പതിനഞ്ചുപേരിൽ കവിയാത്ത അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അവരിൽ മൂന്നിൽ രണ്ടു ഭാഗം തൊഴിലുടമകളേയും, ചുമട്ടുതൊഴിലാളികളേയും പ്രതിനിധാനം ചെയ്യുന്ന വ്യക്തികളായിരിക്കേണ്ടതുമാകുന്നു.

(4) തൊഴിലുടമകളേയും, ചുമട്ടുതൊഴിലാളികളേയും പ്രതിനിധാനം ചെയ്യുന്ന അംഗങ്ങളുടെ എണ്ണം തുല്യമായിരിക്കേണ്ടതാണ്.

(5) കമ്മിറ്റിയിലെ ഒരംഗത്തെ സർക്കാർ അതിന്റെ ചെയർമാനായും മറ്റൊരാളെ അതിന്റെ കൺവീനറായും നിയമിക്കേണ്ടതാകുന്നു.

(6) കമ്മിറ്റിയിലെ എല്ലാ അംഗങ്ങളെയും നാമനിർദ്ദേശം ചെയ്തതിനും, ചെയർമാനേയും കൺവീനറെയും നിയമിച്ചു കഴിഞ്ഞതിനുശേഷം സർക്കാർ അവരുടെ പേരുകൾ ഗസറ്റിലും തങ്ങൾക്ക് ഉചിതമെന്ന് തോന്നുന്ന സ്ഥലങ്ങളിലും പ്രസിദ്ധീകരിക്കേണ്ടതാകുന്നു.

(7) കമ്മിറ്റിയിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി നിർണ്ണയിക്കപ്പെടാവുന്ന വിധത്തിലായിരിക്കേണ്ടതാണ്.

(8) കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ—

(എ) ഏതെങ്കിലും തൊഴിലുടമയുടെ കീഴിലോ കോൺട്രാക്ടറുടെ കീഴിലോ ജോലി ലഭിക്കാത്ത ചുമട്ടുതൊഴിലാളികളെ കൂട്ടു സ്വത്താക്കുക ;

(ബി) അങ്ങനെയുള്ള ചുമട്ടുതൊഴിലാളികൾക്ക് ജോലി ഏർപ്പെടുത്തുകയും ക്രമീകരിക്കുകയും ചെയ്യുക, അവർക്ക് വേതനം നൽകുക ;

(സി) ആവശ്യമുള്ളപക്ഷം അവർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുക ;

(ഡി) ഈ ആക്റ്റും പദ്ധതിയും നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക എന്നിവയാണ്.

(9) കമ്മിറ്റിയുടെ അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുന്നതിൽ ബോർഡ് കാലാകാലങ്ങളിൽ അതിനു നൽകുന്ന നിർദ്ദേശങ്ങൾ അനുവർത്തിക്കുവാൻ കമ്മിറ്റി ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.

19. കമ്മിറ്റിയെ സഹായിക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥന്മാരെ നിയമിക്കൽ.—(1) ഈ ആക്റ്റും പദ്ധതിയും പ്രകാരമുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുന്നതിന് കമ്മിറ്റിയെ സഹായിക്കുന്നതിനുവേണ്ടി സർക്കാരിന് ആവശ്യമെന്ന് തോന്നുന്നത്ര ഉദ്യോഗസ്ഥന്മാരെ നിയമിക്കാവുന്നതാകുന്നു.

(2) (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്മാർ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാകുന്നു.

** ** **

** ** **